# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1282    12.06.2014 ൽ മറുപടിക്ക്**

**കായംകുളം- കൊല്ലം എൻ എച്ച് 47 നാലുവരിപാതയാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) കായംകുളം കൊല്ലം എൻ എച്ച് 47 നാലുവരി പാതയാക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | എ) & ബി) കേരളത്തിലെ ദേശീയപാത 47 ബി.ഒ.റ്റി വ്യവസ്ഥയിൽ സർവ്വീസ് റോഡോട്ടു കൂടി നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര മന്ത്രാലയം ദേശീയപാത അതോറിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ എൻ.എച്ച് 47 ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 30 മീറ്റർ സ്ഥലം ലഭ്യമായ ഇടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ റോഡിന്റെ വികസനം ഏറ്റെടുത്തു നടത്താനുള്ള സാഹചര്യങ്ങൾ പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരികയാണ്. |
| ബി) പാതാവികസനത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്താണ്.? | |

സെക്ഷൻ ഓഫീസർ